**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1336 — 04.02.2019 -ൽ മറുപടിക്ക്

**ആറൻമുള മണ്ഡലത്തിലെ പ്രളയ ബാധിതർ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീമതി.വീണാ ജോർജ്ജ്** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ആറൻമുള നിയോജക മണ്ഡലത്തിൽ പ്രളയ ദുരിത ബാധിതരായി എത്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ടെന്നും അവരുടെ എണ്ണം എത്രയെന്നും വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കു; | എ) | ആറന്മുള നിയോജക മണ്ഡലത്തിൽ പ്രളയദുരിത ബാധിതരായി 13980 കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്. അവരുടെ വില്ലേജ് തിരിച്ചുള്ള എണ്ണം അനുബന്ധം-1 ആയി ചേർക്കുന്നു. |
| ബി) | ആറൻമുള നിയോജക മണ്ഡലത്തിൽപ്പെട്ട എത്രപേർക്ക് 10,000-രൂപ ധനസഹായം ലഭിക്കാൻ അർഹത ഉണ്ടായിരുന്നുവെന്നും നാളിതുവരെ എത്ര പേർക്ക് പ്രസ്തുത തുക വിതരണം ചെയ്തുവെന്നും വ്യക്തമാക്കുമോ; | ബി) | ആറന്മുള നിയോജക മണ്ഡലത്തിൽ 13980 കുടുംബങ്ങൾക്ക് അർഹത ഉണ്ടായിരുന്നു. അർഹത ഉണ്ടായിരുന്ന 13980 കുടുംബങ്ങൾക്കും 10000 രൂപ വീതം ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. |
| സി) | ഈ നിയോജക മണ്ഡലത്തിലെ പ്രളയബാധിതരായ എത്ര കുടുംബങ്ങൾക്ക് റവന്യൂ വകുപ്പ് മുഖാന്തരം നൽകിയ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ; | സി) | ആറന്മുള നിയോജക മണ്ഡലത്തിൽ പ്രളയബാധിതർ ഉൾപ്പെടെ 20312 കുടുംബങ്ങൾക്ക് റവന്യൂ വകുപ്പ് മുഖാന്തിരം കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. |
| ഡി) | പ്രസ്തുത നിയോജക മണ്ഡലത്തിൽ പ്രളയത്തെത്തുടർന്ന് ഭാഗികമായും പൂർണ്ണമായും തകർന്ന വീടുകളുടെ എണ്ണം വില്ലേജ് തിരിച്ച് ലഭ്യമാക്കുമോ? | ഡി) | ആറന്മുള നിയോജക മണ്ഡലത്തിൽ പൂർണ്ണമായും ഭാഗികമായും വീട് തകർന്നവരുടെ വിവരം അനുബന്ധം-2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

| വില്ലേജ് | എണ്ണം |
|---|---|
| ഇരവിപേരൂർ | 2486 |
| കോയിപ്രം | 2103 |
| തോട്ടപ്പുഴശ്ശേരി | 1164 |
| ആറന്മുള | 2065 |
| ചെന്നീർക്കര | 350 |
| ഇലന്തൂർ | 76 |
| കോഴഞ്ചേരി | 872 |
| കുളനട | 790 |
| മല്ലപ്പുഴശ്ശേരി | 1355 |
| മെഴുവേലി | 283 |
| ഓമല്ലൂർ | 533 |
| പത്തനംതിട്ട | 574 |
| കിടങ്ങന്നൂർ | 1329 |
| **ആകെ** | **13980** |

സെക്ഷൻ ഓഫീസർ

**അനുബന്ധം-2**

| വില്ലേജ് | പൂർണ്ണമായി തകർന്നവ | ഭാഗികമായി തകർന്നവ |
|---|---|---|
| ഇരവിപേരൂർ | 15 | 551 |
| കോയിപ്രം | 16 | 838 |
| തോട്ടപ്പുഴശ്ശേരി | 11 | 534 |
| ആറന്മുള | 13 | 491 |
| ചെന്നീർക്കര | 4 | 97 |
| ഇലന്തൂർ | 2 | 26 |
| കോഴഞ്ചേരി | 20 | 646 |
| കുളനട | 20 | 132 |
| മല്ലപ്പുഴശ്ശേരി | 18 | 314 |
| മെഴുവേലി | 3 | 1 |
| ഓമല്ലൂർ | 3 | 53 |
| പത്തനംതിട്ട | 1 | 221 |
| കിടങ്ങന്നൂർ | 48 | 457 |
| **ആകെ** | **174** | **4361** |

സെക്ഷൻ ഓഫീസർ